www.gospelinmalayalam.com

# ROMANS - CHAPTER 10

Rom 10:1 യിസ്രായേലിന്റെ രക്ഷക്കായി പൗലൂസ് പ്രാർത്ഥിക്കുന്നു. അവരുടെ മനോഭാവം മറ്റെല്ലാവരിലും അധികമായി തനിക്കറിയാം. പരിജ്ഞാനപ്രകാരമല്ലെങ്കിലും ദൈവത്തെക്കുറിച്ചുള്ള എരിവ് - ഉയർത്തെഴുന്നേറ്റ കർത്താവിനെ കണ്ടുമുട്ടുന്നതിനു മുമ്പുള്ള തന്റെ അനുഭവമായിരുന്നു. തന്റെ കണ്ണിൽനിന്നും ചെതുമ്പൽ വീഴുന്നതുവരെ താനും ഈ ഇടർച്ച കല്ലിന്മേൽ തട്ടിയിട്ടുണ്ട്.

- എന്നാൽ ഇപ്പോൾ തന്റെ പ്രതീക്ഷ ക്രിസ്തു തന്നിൽ മഹിമപ്പെടേണം എന്നുമാത്രമാണ്.

- അതു തന്നെയല്ല പൗലൂസ് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ്. അവരുടെ അന്ധത മാറിക്കിട്ടാനായി പ്രാർത്ഥിക്കുന്നു.

- കഴിഞ്ഞ അധ്യായത്തിൽ പരമാധികാരമുള്ളതും നിർണ്ണയകരവുമായ ദൈവഹിതത്തിനായിരുന്നു ഊന്നൽ കൊടുത്തത്. ചിലർ കോപപാത്രങ്ങൾ. ചിലർ കരുണാപാത്രങ്ങൾ. ഈ വ്യത്യാസം ദൈവത്തിന്റെ പ്രവൃത്തിയും ആജ്ഞയുമാണ്. മനുഷ്യന്റേതല്ല. എന്നിരുന്നാലും മനുഷ്യന്റെ ഉത്തരവാദത്തിൽ നിന്നും അവൻ ഒഴിവുള്ളവനല്ല.

- ഇപ്പോഴുള്ള പൗലൂസിന്റെ മാറ്റം - അതേ മാറ്റം മറ്റുള്ള യഹൂദനും ഉണ്ടാകും എന്ന വിഷയം പൗലൂസിനെ ധൈര്യപ്പെടുത്തുകയാണ് - പൗലൂസ് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണ് - അവരുടെ വീണ്ടെടുപ്പിനായി - കർത്താവിങ്കലേക്കു വരുന്നതിനായി.

ഈ പൗലൂസിന്റെ പ്രാർത്ഥനയിൽ നിഴലിക്കുന്ന വേറൊരു വസ്തുത കർത്താവിന്റെ ഉപദേശം തന്നെയാണ്. ശത്രുക്കളെ സ്നേഹിക്കുക. അവർക്കുവേണ്ടി പ്രാർത്ഥിക്കുക.

Mat 5:44 *ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ.*

Luke 6:35 *നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ; അവർക്കു നന്മ ചെയ്യുവിൻ; ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുപ്പിൻ എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെയാകും; നിങ്ങൾ അത്യുന്നതന്റെ മക്കളാകും; അവൻ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ.*

Rom 5:8 *ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.*

Rom 10:2 യഹുദർ ദൈവത്തെക്കുറിച്ച് എരിവുള്ളവർ ആയിരുന്നു. ചട്ടങ്ങളും അനുഷ്ഠാനങ്ങളും വഴി ബാഹ്യമായി അവർ ദൈവത്തെ അന്വേഷിച്ചു. എങ്കിലും അവനെ നഷ്ടപ്പെടുത്തി. അവർ ദൈവത്തിനു പകരം അക്ഷരത്തെയും, രൂപത്തെയും, കുറിച്ചു തീക്ഷ്ണത ഉള്ളവരായിരുന്നു.

- തീഷ്ണത വഴി തെറ്റിയാൽ അത് വലിയ അപകടം വരുത്തും. അഗ്രിപ്പാ രാജാവിന്റെ മുമ്പിൽ പൗലൂസ് ഈ കാര്യം പറയുന്നുണ്ട്.

Acts 22:3 *ഞാൻ കിലിക്യയിലെ തർസൊസിൽ ജനിച്ച യഹൂദനും ഈ നഗരത്തിൽ വളർന്ന ഗമാലിയേലിന്റെ കാല്ക്കൽ ഇരുന്നു പിതാക്കന്മാരുടെ ന്യായപ്രമാണം സൂക്ഷ്മതയോടെ അഭ്യസിച്ചവനുമാകയാൽ നിങ്ങൾ എല്ലാവരും ഇന്നു ഇരിക്കുന്നതുപോലെ ദൈവസേവയിൽ എരിവുള്ളവരായിരുന്നു.*

Acts 26:9-11 *നസറായനായ യേശുവിന്റെ നാമത്തിനു വിരോധമായി പലതും പ്രവർത്തിക്കേണം എന്നു ഞാനും വിചാരിച്ചു സത്യം. അതു ഞാൻ യരുശലേമിൽ ചെയ്തിട്ടുമുണ്ട്; മഹാപുരോഹിതന്മാരോട് അധികാരപത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും തടവിലാക്കി അടച്ചു; അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു.*

ക്രിസ്തുവിനെക്കൂടാതെ 'പരിജ്ഞാനത്തിനുള്ള അന്വേഷണം' വ്യർത്ഥമാവാണ്. അത് അവിശ്വാസത്തിൽ അവസാനിക്കുന്നു.

Rom 10:3 'വിശ്വാസത്താലുള്ള ദൈവനീതി' അവർ മനസ്സിലാക്കിയില്ല എന്നാൽ സ്വയം നീതീകരണം അന്വേഷിച്ചു. Ref. Phil 3:9 *ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനു ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസംമൂലം ദൈവം വിശ്വസിക്കുന്നവർക്കു നൽകുന്ന നീതി തന്നെ ലഭിച്ചു.*

fleettech@gmail.com

Rom 1:17 *അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിനായികൊണ്ടും വെളിപ്പെടുന്നു. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്ന് എഴുതിയിരിക്കുന്നുവല്ലോ.*

- ഇതു യഹൂദാമതത്തിനു മാത്രം പറ്റിയ തെറ്റല്ല. ഇന്നും പല മതങ്ങളും ഇതു തന്നെയാണ് Establish ചെയ്യുന്നതും, establish ചെയ്യാൻ അധ്വാനിക്കുന്നതും. മനുഷ്യരുടെ മുമ്പിൽ അത് ഒട്ടൊക്കെ വിജയിച്ചെന്നിരുന്നാലും, ദൈവനീതിയിൽ നിന്നും അത് അന്യമായി നിൽക്കും.

- ദൈവത്തിന്റെ നീതീകരണമാർഗ്ഗത്തിനു വിധേയപ്പെടുവോളം, മറ്റെന്തെല്ലാം ചെയ്താലും അത് Success ആകയില്ല.

Rom 10:4 ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു. അവസാനം എന്നാൽ എന്ത്?

1. ലക്ഷ്യം (ലാക്ക്) ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം മനുഷ്യനെ നീതീകരിക്കുകയാണ്.

- അതു ക്രിസ്തുവിൽ സാധ്യമായി. Gal 3:24 ൽ പറയുന്നതുപോലെ. ന്യായപ്രമാണം ഒരു ശിശുപാലകൻ ആയിരുന്നു.

Gal 3:24 *അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിനു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു.*

2. നിവൃത്തി Math 5:17 *ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകൻമാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്.*

Rom 13:10 *സ്നേഹം കൂട്ടുകാരനു ദോഷം പ്രവൃത്തിക്കുന്നില്ല ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നെ.*

3. അന്ത്യം - പുതിയ നിയമവിശ്വാസിയുടെ മേൽ ന്യായപ്രമാണത്തിനു നിയമപരമായി അധികാരമില്ല - ഇതു ചെയ്യുക, അങ്ങനെ ജീവിക്കുക, ഇതു ചെയ്യുക, അല്ലെങ്കിൽ മരിക്കുക. ഈ വകയ്ക്ക് ഒരു ക്രിസ്തീയ വിശ്വാസിയുടെമേൽ അധികാരമില്ല.

- രക്ഷയ്ക്കുള്ള ഉപാധി എന്ന നിലയിൽ ക്രിസ്തു ന്യായപ്രമാണത്തിന് അന്ത്യം കുറിച്ചു.

Colo 2:14 (കൈയെഴുത്ത്), Luke 16:16 (ന്യായപ്രമാണകാലത്തിലെ യോഹന്നാൻ സ്നാപകൻ)

യഹൂദവാദികളെ സംബന്ധിച്ചിടത്തോളം, ന്യായപ്രമാണത്തിന്റെ അനുസരണത്താൽ രക്ഷ ആർജിക്കുന്നു. പൗലൂസിന്റെ മാനസാന്തരത്തിനു മുമ്പുള്ള ചിന്ത അതായിരുന്നു.

Phil 3:9 ന്യായപ്രമാണത്തിലെ സ്വന്ത നീതിയല്ല.... / പുതിയനിയമ വിശ്വാസികൾ അത് അംഗീകരിക്കുന്നില്ല.

Rom 10:5 "അതു ചെയ്ത മനുഷ്യൻ അതിനാൽ ജീവിക്കും"

Lev 18:5 *ആകയാൽ എന്റെ ചട്ടങ്ങളും ന്യായങ്ങളും നിങ്ങൾ പ്രമാണിക്കേണം. അവയെ ചെയ്യുന്ന മനുഷ്യൻ അവയാൽ ജീവിക്കും; ഞാൻ യഹോവ ആകുന്നു.*

Gal 3:12 *ന്യായപ്രമാണത്തിനോ വിശ്വാസമല്ല ആധാരമാക്കിയിരിക്കുന്നത്. "അത് ചെയ്യുന്നവൻ അതിനാൽ ജീവിക്കും എന്നുണ്ടല്ലോ.*

എന്നാൽ ന്യായപ്രമാണം പൂർണ്ണമായി അനുസരിക്കുവാൻ ആർക്കും കഴിയുകയില്ല. അത് ശിക്ഷാവിധിയുടെ വിധിയായി ശേഷിച്ചു.

Rom 10:6,7 വിശ്വാസനീതിക്ക് ആളത്വം കൽപിച്ചിരിക്കുന്നു. - ഹൃദയത്തിൽ പറയരുത്, എന്നുള്ളതിനുള്ള എബ്രായശൈലി - ഇതു പലയിടത്തും ഉപയോഗിച്ചിട്ടുണ്ട്.

Deut 8:17 *എന്റെ ശക്തിയും എന്റെ കൈയുടെ ബലവും ഈ സമ്പത്തുണ്ടാക്കി എന്നു നിന്റെ ഹൃദയത്തിൽ പറയാതിരിപ്പാനും സൂക്ഷിച്ചുകൊള്ളേണം*

Ps 14:1 *ദൈവം ഇല്ലായെന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു. അവർ വഷളൻമാരായി മ്ലേച്ഛത പ്രവർത്തിക്കുന്നു; നന്മ ചെയ്യുന്നവൻ ആരുമില്ല,*

Ps 36:1 *ദുഷ്ടൻ തന്റെ ഹൃദയത്തിൽ പാപാദേശമുണ്ടു; അവന്റെ ദൃഷ്ടിയിൽ ദൈവഭയമില്ല.*

Ps 10:11 *ദൈവം മറന്നിരിക്കുന്നു, അവൻ തന്റെ മുഖം മറെച്ചിരിക്കുന്നു; അവൻ ഒരുനാളും കാണുകയില്ലയെന്നു അവൻ ഹൃദയത്തിൽ പറയുന്നു.*

www.gospelinmalayalam.com
fleettech@gmail.com

www.gospelinmalayalam.com

Mt 3:9 *അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടു ഉണ്ടു എന്നുള്ള ഉള്ളംകൊണ്ടു പറവാൻ തുനിയരുത്; ഈ കല്ലുകളിൽ നിന്നും അബ്രഹാമിനു മക്കളെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു.* ക്രിസ്തുവിനെ ഭൂമിയിൽ കൊണ്ടുവരുന്നതിന് ഒരാൾ സ്വർഗ്ഗത്തിൽ പോകേണ്ട ആവശ്യമില്ല. തിരുഅവതാരം മഹത്വമാർന്ന ഒരു യാഥാർത്ഥ്യമാണ്.

- എന്നാൽ പൗലൂസ് ഈ ലേഖനം എഴുതുന്ന സമയത്തും ഇന്നും ഈ 2 കാര്യങ്ങളെയും ലോകം നിഷേധിക്കുന്നുണ്ട്. - ക്രിസ്തുവിന്റെ ദൈവത്വത്തെയും -തിരു അവതാരത്തെയും.

Duet30:11-14 *ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന ഈ കൽപ്പന നിനക്കു പ്രയാസമുള്ളതല്ല, ദൂരമായുള്ളതുമല്ല. ഞങ്ങൾ കേട്ടു അനുസരിക്കേണ്ടതിനു ആർ സ്വർഗ്ഗത്തിൽ കയറികൊണ്ടുവന്നു തരും എന്നു പറയത്തക്കവണ്ണം അതു സമുദ്രത്തിനക്കരെയുമല്ല; നീ അനുസരിപ്പാൻ തക്കവണ്ണം, വചനം നിനക്കു ഏറ്റവും സമീപത്തു നിന്റെ വായിലും നിന്റെ ഹൃദയത്തിലും തന്നെ ഇരിക്കുന്നു.*

- അവിശ്വാസത്തിന്റെ ആത്മാവിനു കീഴ്പ്പെടുന്നതിനെതിരെ മോശ ജനത്തിനു മുന്നറിയിപ്പു നൽകുകയാണ് ആവർത്തനപുസ്തകത്തിൽ. പഴയനിയമ വെളിച്ചത്തിൽ അവിശ്വാസം ക്ഷമിക്കപ്പെടാത്ത പാപം ആയിരുന്നുവെങ്കിൽ-പുതിയനിയമത്തിൽ അതു പറയാനുണ്ടോ?

John 1:14 *വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസായി കണ്ടു.*

- കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ വസിച്ച ക്രിസ്തു വെളിപ്പെട്ടശേഷം അന്ധകാരത്തിൽ കഴിയുന്നത് ദൈവം ഒരിക്കലും ക്ഷമിക്കുകയില്ല. അവിശ്വാസത്തെ ദൈവം ക്ഷമിക്കയില്ല.

പാതാളത്തിൽ ഇറങ്ങുമെന്നോ? മറ്റൊരു അസാധ്യകാര്യം....

Prov.30:4 *സ്വർഗ്ഗത്തിൽ കയറുകയും ഇറങ്ങിവരുകയും ചെയ്തവൻ ആർ? കാറ്റിനെ തന്റെ മുഷ്ടിയിൽ പിടിച്ചടക്കിയവൻ ആർ? വെള്ളങ്ങളെ വസ്ത്രത്തിൽ കെട്ടിയവൻ ആർ? ഭൂമിയുടെ അറുതികളൊക്കെയും നിയമിച്ചവൻ ആർ? അവന്റെ പേരെന്തു? അവന്റെ മകന്റെ പേരെന്തു? നിനക്കറിയാമോ?*

Amos 9:2 *അവർ പാതാളത്തിൽ തുരന്നു കടന്നാലും അവിടെനിന്നു എന്റെ കൈ അവരെ പിടിക്കും; അവർ ആകാശത്തിലേക്കു കയറിപോയാലും അവിടെനിന്നു ഞാൻ അവരെ ഇറക്കും.*

Ps.139:7-10 *എന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ട് ഞാൻ എവിടേക്കു ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ട്. പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ടു. ഞാൻ ഉഷസ്സിൽ ചിറകു ധരിച്ചു, സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാർത്താൽ അവിടേയും നിന്റെ കൈ എന്നെ നടത്തും;*

പാതാളം Job 11:7-8 *ദൈവത്തിന്റെ അഗാധതത്വം നിനക്കു ഗ്രഹിക്കാമോ? സർവ്വശക്തന്റെ സമ്പൂർത്തി നിനക്കു മനസ്സിലാകുമോ? അതു ആകാശത്തോളം ഉയരമുള്ളതു; നീ എന്തു ചെയ്യും; അതു പാതാളത്തെക്കാൾ അഗാധമായതു നിനക്കെന്തറിയാം.*

Acts 2:27,31 *നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാൺമാൻ സമ്മതിക്കുകയുമില്ല. അവനെ പാതാളത്തിൽ വിട്ടു കളഞ്ഞില്ല; അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല എന്നു ക്രിസ്തുവിന്റെ പുനരുത്ഥാനം മുമ്പുകൂട്ടി കണ്ടു പ്രസ്താവിച്ചു.*

Rev 9:1 *അഞ്ചാമത്തെ ദൂതൻ ഊതി, അപ്പോൾ ഒരു നക്ഷത്രം ആകാശത്തുനിന്നു ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു; അവനു അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു.*

Luke 8:31 *പാതാളത്തിലേക്കു പോകുവാൻ കൽപിക്കരുത് എന്ന് അവ അവനോടു അപേക്ഷിച്ചു.*

- ക്രിസ്തു ഉയിർത്തു കഴിഞ്ഞു. അതിനായി പാതാളം വരെ ആരും പോകേണ്ട ആവശ്യമില്ല. നിദ്രകൊണ്ടവരിൽ ആദ്യഫലമായി ക്രിസ്തു മഹിമയോടെ ഉയർത്തെഴുന്നേറ്റു.

1Cor 15:20 *എന്നാൽ ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയർത്തിരിക്കുന്നു.*

അതുകൊണ്ട് ക്രിസ്ത്യാനി ഇനി മരണത്തെ ഭയപ്പെടുന്നില്ല.

fleettech@gmail.com

www.gospelinmalayalam.com

1Cor15:55-57 *ഹേ മരണമെ, നിന്റെ ജയം എവിടെ? മരണത്തിന്റെ വിഷമുള്ളു പാപം; പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നൽകുന്ന ദൈവത്തിനു സ്തോത്രം*

Rev 1:18 *ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ എന്നന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്.*

ക്രിസ്തുവിന്റെ ദൈവത്വവും പുനരുത്ഥാനവും അവിശ്വസികളുടെ ആക്രമണത്തിന്റെ target ആണ്.

- പ്രാചീന തത്വ ജ്ഞാനികളും പണ്ഡിതന്മാരും ജ്ഞാനം തേടി വിദൂരസ്ഥലങ്ങളിൽ പോകുന്ന രീതി മോശ ഇവിടെ സൂചിപ്പിക്കുകയാണ്. ദൈവവചനത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ആവശ്യമില്ല. അത് ദൈവം ലളിതമാക്കിയിരിക്കുന്നു. അനുസരിച്ചാൽ മാത്രം മതി.

Rom 10:8 Deut 30:14 *നീ അനുസരിപ്പാൻ തക്കവണ്ണം വചനം നിനക്കു ഏറ്റവും സമീപത്തു, നിന്റെ വായിലും നിന്റെ ഹൃദയത്തിലും തന്നെ ഇരിക്കുന്നു.* Romans 10:9 ലും 10 ലും പറയുന്ന വിശ്വാസ വചനം എവിടെ? മോശ എന്തു പറയുന്നു?

വായിൽ (ഏറ്റുപറയുമ്പോൾ), ഹൃദയത്തിൽ (വിശ്വസിക്കുമ്പോൾ)

- ദൈവകൽപന നടപ്പിലാക്കുവാൻ വിഷമമുള്ളതോ വിദൂരസ്ഥമോ അല്ല. നേരമറിച്ച് അത് വായിൽ വഹിക്കുകയും ഹൃദയത്തിൽ എഴുതുകയും ചെയ്തിരിക്കുന്നു.

Exo 13:9 *യഹോവയുടെ ന്യായപ്രമാണം നിന്റെ വായിൽ ഉണ്ടായിരിക്കേണ്ടതിനു ഇതു നിനക്കു നിന്റെ കൈയ്യിൻമേൽ അടയാളമായും നിന്റെ കണ്ണുകളുടെ നടുവിൽ ജ്ഞാപകലക്ഷ്യമായും ഇരിക്കേണം. ബലമുള്ള കൈകൊണ്ടല്ലോ യഹോവ നിന്നെ മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ചതു.*

Deut 6:6-9 *ഇന്നു ഞാൻ നിന്നോടു കൽപിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിലിരിക്കേണം. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കയും വേണം. അവയെ അടയാളമായി നിന്റെ കൈമേൽ കെട്ടേണം; അവ നിന്റെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായി ഇരിക്കേണം. അവയെ നിന്റെ വീട്ടിലെ കട്ടിളകളിൻമേലും പടിവാതിലുകളിലും എഴുതേണം.*

- വിശ്വാസത്തിന് വേദനാജനകമായ അന്വേഷണമോ, അധ്വാനമോ ആവശ്യമില്ല - രക്ഷയ്ക്ക് ആവശ്യമുള്ള 2 കാര്യങ്ങൾ - മരണവും പുനരുദ്ധാനവും, ക്രിസ്തു സാധിപ്പിച്ചിരിക്കുകയാണ്.

- ന്യയപ്രമാണത്തിന്റെ രീതി സ്വന്ത ശ്രമങ്ങളാൽ സ്ഥാപിക്കാൻ ശ്രമിക്കാതെ തിരുഅവതാരം ചെയ്ത, മരിച്ചുയർത്ത ക്രിസ്തുവിനെ വിശ്വാസത്താൽ അംഗീകരിക്കുകയാണു വേണ്ടത്.

- വിശ്വാസവചനം പുതിയനിയമത്തിൽ ഇവിടെ നാം കാണുന്നു.

Rom 10:9 യേശുവിനെ കർത്താവു എന്നു വായ് കൊണ്ടു ഏറ്റുപറയുക - കർത്താവ് എന്ന നിലയിൽ യേശുവിനെ ഏറ്റുപറയുക.

Acts 2:36 *ആകയാൻ നിങ്ങൽ ക്രൂശിച്ച ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ.*

1Cor 12:3 *ആകയാൽ ദൈവാത്മാവിൽ സംസാരിക്കുന്നവൻ ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറകയില്ല. പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവു എന്നു പറയുവാൻ ആർക്കും കഴികയുമില്ല എന്നു ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു.*

Phil 2:11 *എല്ലാ നാവും "യേശുക്രിസ്തു കർത്താവു" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും.*

എബ്രായ ഭാഷയിൽ "കർത്താവ്" (Kurios) എന്നു പറഞ്ഞാൽ "ദൈവം" എന്നർത്ഥം.

- ഒരു യഹൂദന് "യേശു ദൈവം തന്നെ" എന്നു പറയാൻ കഴിയുകയില്ല.

- ചക്രവർത്തിയെ ദൈവമായി ആരാധിക്കുന്ന "ജാതിയിൽ നിന്നുമുള്ള ജനത്തിനും" "യേശു ദൈവം തന്നെ" യേശു കർത്താവ് എന്നു പറയാൻ കഴിയുകയില്ല.

fleettech@gmail.com

- ഈ സ്ഥിതിയിൽ "യേശുവിനെ കർത്താവ് എന്നു വായ് കൊണ്ടു ഏറ്റുപറയുന്നത് വിശ്വാസത്തിന്റെ ഒരു "ഉരകല്ല്" ആയിത്തീർന്നിരിക്കുന്നു.

A great "testing stone" to know the faith-Jesus is Lord

"The confession is an acknowledgement that God has been incarnated in Jesus".

- ഇത് വായിക്കൊണ്ട് പരസ്യമായി ഏറ്റു പറയണം. ശിക്ഷ്യത്വത്തിന്റെ ആധികാരികമായ വ്യവസ്ഥയാണ്. മനുഷ്യരുടെ മുമ്പിൽ ക്രിസ്തുവിനെ ഏറ്റു പറയുവാൻ ലജ്ജിക്കുന്നവൻ രക്ഷിക്കപ്പെടുവാൻ സാധ്യമല്ല.

- വായിക്കൊണ്ട് ഏറ്റു പറയുന്നതിനു മുമ്പായി ഒരു കാര്യം നടക്കണം. ദൈവം അവനെ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കണം.

- ഈ വിശ്വാസത്തിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു?

- ക്രിസ്തു എന്തെല്ലാം നിറവേറ്റാൻ വന്നുവോ അതെല്ലാം സാധിപ്പിച്ചു എന്നു വിശ്വസിക്കണം.

- യേശു ദൈവപുത്രനായി ജീവിച്ചു - ക്രൂശിൽ പാപങ്ങളെ വഹിച്ചു യാഗമായി അർപ്പിക്കപ്പെട്ടു -ദൈവം അവനെ ഉയർത്തെഴുന്നേല്പിച്ചു - ഇന്നും യേശു ജീവിക്കുന്നു.

ക്രിസ്തുവിനെക്കുറിച്ച് അറിഞ്ഞാൽ പോര - ക്രിസ്തുവിനെ അറിയണം.

ചരിത്രത്തിലെ ഒരു മഹാനായിട്ടല്ല - സാക്ഷാൽ ആളത്വത്തിൽ ഇന്നും ജീവിക്കുന്നുവനായി അറിയണം. രക്തസാക്ഷിയായ ക്രിസ്തുവിനെയല്ല - വിജയിയായ ക്രിസ്തുവിനെ അറിയണം.

- ഹൃദയം മുഴു ആളത്വത്തെയും കാണിക്കുന്നു. ഹൃദയവും വായും -

"വിശ്വാസവും ഏറ്റു പറച്ചിലും" ചേർന്നുപോകുന്നു.

- നിന്റെ വായ് കൊണ്ട് നീ ഏറ്റു പറയുകയും നിന്റെ ഹൃദയത്തിൽ നീ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും.

- രക്ഷയുടെ അവകാശി ആകുവാൻ വേറെ ഒരു വിധത്തിലുള്ള കർമ്മമോ, അംഗത്വമോ, ക്രിയയോ ആവശ്യമില്ല. The Gospel message is very simple .

Rom 10:10 ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുന്നു. വായിക്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറയുന്നു. 9-ാം വാക്യത്തിലെ ക്രമം ഇവിടെ തിരിഞ്ഞുവരുന്നു. വിശ്വാസവും ഏറ്റുപറച്ചിലും രക്ഷയുടെ അവിഭാജ്യഘടകമാണ്. ഹൃദയത്തിലെ വിശ്വാസത്തിന്റെ ശബ്ദമാണ് ഏറ്റുപറച്ചിൽ.

- ഈ തത്വങ്ങളെ അപ്പൊ. പൗലൂസ് റോമിലെ സഭയ്ക്ക് എഴുതുന്ന സമയത്ത് "പീഢയും നിന്ദയും ക്രിസ്ത്യാനിത്വത്തോട്" ബന്ധപ്പെട്ടിരുന്ന നാളുകൾ ആയിരുന്നുവെന്നോർക്കണം. പ്രതികൂലം നിറഞ്ഞിരുന്ന ആ നാളുകളിൽ പോലും വിശ്വാസത്തിന്റെ, പരസ്യമായ, വായികൊണ്ടുള്ള ഏറ്റുപറച്ചിൽ ശിഷ്യത്വത്തിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത "ശോധന" ആയിരുന്നു.

## Romans 10: 11-15 **സുവിഷേത്തിന്റെ സാർവ്വത്രികത**

Rom 10:11 Isa 28:16 *അതുകൊണ്ടു യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധന ചെയ്ത കല്ലും വിലയേറിയ മൂലക്കല്ലുമായി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപോകയില്ല.*

വിശ്വസിക്കുന്നവൻ എന്നതിനോട് "ഒരുത്തനും" എന്ന് കൂടെച്ചേർത്ത് സുവിശേഷത്തിന്റെ സാർവ്വത്രികത ഉറപ്പിച്ചിരിക്കുന്നു.

Rom 10:12,13 യഹൂദൻ എന്നും യവനൻ എന്നും വ്യത്യാസമില്ല. God's impartiality രക്ഷയുടെ കാര്യത്തിൽ ദൈവം വെളിവാക്കുന്നു. Rom 3: 23ൽ നാം കാണുന്നു പാപം ചെയ്തവർ എല്ലാവരും ദൈവതേജസ്സ് ഇല്ലാത്തവരായി ശിക്ഷാർഹരായിത്തീർന്നു എന്ന് - ആ സ്ഥാനത്ത് "വിശ്വാസത്താൽ രക്ഷപാപിപ്പാനായി ദൈവം" impartial ആയി അവസരം ഒരുക്കിയിരിക്കുന്നു.

- എല്ലാവർക്കും കർത്താവ് ഒരുവൻ-

www.gospelinmalayalam.com
fleettech@gmail.com

www.gospelinmalayalam.com

Gal 3:28 *അതിൽ യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല, നിങ്ങൾ എല്ലാവരും ക്രിസ്തുവേശുവിൽ ഒന്നത്രെ.*

- യേശു കർത്താവു തന്നെ Math21:3 *നിങ്ങളോട് ആരാനും വല്ലതും പറഞ്ഞാൽ "കർത്താവിനു" ഇവയെകൊണ്ടു ആവശ്യമുണ്ടു എന്നു പറവിൻ; തൽക്ഷണം അവൻ അവയെ അയയ്ക്കും എന്നു പറഞ്ഞു.*

Acts 10:36 *അവൻ എല്ലാവരുടെയും കർത്താവായ യേശുക്രിസ്തു മൂലം സമാധാനം സുവിശേഷിച്ചു കൊണ്ടു യിസ്രായേൽ മക്കൾക്കു അയച്ച വചനം.*

- കർത്താവായ യേശുക്രിസ്തു തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും കൊടുക്കുവാൻ സമ്പന്നൻ - ക്രിസ്തുവിന്റെ അപ്രമേയധനം - Eph 3:8 - ക്രിസ്തുവേശുവിലുള്ള രക്ഷിക്കുന്ന കൃപയുടെ സമൃദ്ധിയെ കാണിക്കുന്നു.

(9-11) ൽ നാം കണ്ടു "ക്രിസ്തുവിൽ വിശ്വസിക്കുക" എന്ന് - (12-14) വരെ നാം വായിക്കുന്നു.

"വിളിച്ചപേക്ഷിക്കുക" എന്ന്. ഫലത്തിൽ രണ്ടും ഒരേ കാര്യം തന്നെ. വിളിച്ചപേക്ഷിക്കുന്നതിൽ വിശ്വാസവും ഉണ്ട്. ക്രിസ്തുവിൽ വിശ്വസിക്കുന്നവന് ദൈവകൃപയിലുള്ള ആശ്രയവും ഉണ്ടായിരിക്കും.

Joel 2:32 *എന്നാൽ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും; യഹോവ അരുളി ചെയ്തതുപോലെ സീയോൻ പർവ്വതത്തിലും യരുശലേമിലും ഒരു രക്ഷിതഗണവും ശേഷിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ യഹോവ വിളിപ്പാനുള്ളവരും ഉണ്ടാവും.*

ഇവിടെ വിളിച്ചപേഷിക്കുന്നതു ദൈവത്തെയാണ്. ആരിലൂടെ വിളിച്ചപേഷിക്കുന്നുവോ ആ നാമം യേശുവിന്റേതാണ്. ചുരുക്കത്തിൽ പറഞ്ഞാൽ ക്രിസ്തുവേശുവിൽക്കൂടെ ദൈവത്തെ വിളിച്ചപേഷിക്കുന്നവൻ രക്ഷിക്കപ്പെടും.

Rom 10:14 4 പ്രധാന ചോദ്യങ്ങൾ അപ്പൊ. പൗലൂസ് ചോദിക്കുകയാണ്. രക്ഷയുടെ മാർഗ്ഗം 9-ാം വാക്യം മുതൽ വിവരിച്ചു കഴിഞ്ഞു. സകലർക്കും "രക്ഷ" ദാനമായി കൊടുക്കാൻ കർത്താവു സമ്പന്നൻ തന്നെ. എന്നാൽ ഒരു കുഴപ്പം? എന്താണ്? വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷയുണ്ട്. പക്ഷെ

- വിശ്വാസിക്കാത്തൻ എങ്ങനെ വിളിച്ചപേക്ഷിക്കും?

- കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും?

- പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും?

- ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും?

"അപ്പോസ്തലൻ "എന്ന വാക്കിന്റെ അർത്ഥം - അയയ്ക്കപ്പെട്ടവൻ എന്നാണ്. സുവിശേഷ ഘോഷണം വിശ്വാസികളുടെ വലിയ കർത്തവ്യമാണ്.

Mt 10:16 *ചെന്നായ്ക്കളുടെ നടുവിൽ ആടിനെപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപോലെ ബുദ്ധിയുള്ളവരും പ്രാവിനെപോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ.*

ഒന്നാം നൂറ്റാണ്ടു മുതൽ ഇന്നുവരേയും "വിശ്വാസത്താലുള്ള രക്ഷയ്ക്ക് സുവിശേഷ പ്രസംഗത്തെ ദൈവം ഉപയോഗിച്ചു. ഇതിന് ഉപോൽബലഹമായി പഴയനിയമത്തിൽ നിന്നും quote ചെയ്യുകയാണ്.

Rom 10:15 Isa 52:7 *സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കുകയും രക്ഷയെ പ്രസിദ്ധമാക്കുകയും സീയോനോടു നിന്റെ ദൈവം വാഴുന്നു എന്നു പറകയും ചെയ്യുന്ന സുവാർത്താദൂതന്റെ കാൽ പർവ്വതങ്ങളിൻമേൽ എത്ര മനോഹരം.*

ബാബിലോണ്യ അടിമത്വത്തിൽ നിന്നുള്ള വിടുതലിന്റെ സന്ദേശവാഹകരെയാണ് ഇവിടെ യശയ്യാ പ്രവചനത്തിൽ ഉദ്ദേശിക്കുന്നത്. അപ്പൊ. പൗലൂസ് ആ"സദ്വർത്തമാനത്തെ' സുവിശേഷഘോഷണവുമായ ബന്ധത്തിൽ quote ചെയ്യുന്നു.

- ഏവരും രക്ഷിക്കപ്പെടുവാൻ തക്കവണ്ണം ക്രിസ്തുവിന്റെ സന്ദേശം ഘോഷിക്കുന്ന സന്ദേശവാഹകരായിരിക്കുന്നത് എത്രയോ മഹത്വമാർന്ന പദവിയും ക്രിസ്തുവിന്റെ സാക്ഷി

fleettech@gmail.com

യായിരിക്കുന്നത് ഒരു ഗൗരവമാർന്ന ചുമതലയുമാണ്.

Rom 10:16-21 യിസ്രായേലിന്റെ സുവിശേഷ തിരസ്കരണം

Rom 10:16 Isa 53:1 *ഞങ്ങൾ കേൾപ്പിച്ചതു ആർ വിശ്വസിച്ചിരിക്കുന്നു? യഹോവയുടെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു*

John 12:38 *"കർത്താവെ, ഞങ്ങൾ കേൾപ്പിച്ചതു ആർ വിശ്വസിച്ചിരിക്കുന്നു. കർത്താവിന്റെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു" എന്നു യെശയ്യാ പ്രവാചകൻ പറഞ്ഞ വചനം നിവർത്തിയാകാൻ ഇട വരുന്നു.*

യിസ്രായേല്യർ കേട്ടു. എങ്കിലും അനുസരിച്ചില്ല. അനുസരണത്തേയും അനുസരണക്കേടിനേയും കുറിച്ച് ധാരാളം സ്ഥലത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. പ്രവാചകൻമാർ പറഞ്ഞത് അവർ കേട്ടില്ലയെന്ന് യശയ്യാവു രേഖപ്പെടുത്തുന്നു. ഇന്നും യഹൂദൻ സുവിശേഷത്തെ അംഗീകരിച്ചിട്ടില്ല. അനുസരിച്ചിട്ടില്ല.

Rom 10:17 "വിശ്വാസം കേഴ്വിയാലും" -സുവിശേഷ സന്ദേശത്തിന്റെ കേഴ്വി - ഇതു കർത്താവു തന്നെ വച്ചതാണ്. കർത്താവു തന്നെ ശിഷ്യവൃന്ദത്തെ വിളിച്ചുപറഞ്ഞു - നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം ഘോഷിപ്പിൻ.

"വിശ്വാസത്തിന്" വചന കേഴ്വി "മുഖാന്തര'' മായി ദൈവം കണ്ടു

"ക്രിസ്തുവിന്റെ വചനത്താലും" Acts 1:1 ഇവിടെ Lukose പറയുകയാണ്

"യേശു ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ച്" Acts of Apostle ഇതിന്റെ തുടർച്ചതന്നെയായിരുന്നു.

Acts of Apostle മാത്രമല്ല - പുതിയനിയമം മുഴുവനും തന്നെ അതിന്റെ continuation ആയിരുന്നു. ഇന്നു നാം കേൾക്കുന്നതും ഇന്നു നാം പഠിക്കുന്നതും "ക്രിസ്തുവിന്റെ വചനം" തന്നെ. അത് വിശ്വാസത്തിന് മുഖാന്തരമാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

Rom 10:18 Ps:19:4 *ഭൂമിയിൽ എല്ലാടവും അതിന്റെ അളവുനൂലും ഭൂതലത്തിന്റെ അറ്റത്തോളം അതിന്റെ വചനങ്ങളും ചെല്ലുന്നു. അവിടെ അവൻ സൂര്യന്നു ഒരു കൂടാരം അടിച്ചിരിക്കുന്നു.*

19-ാം സങ്കീർത്തനം തുടങ്ങുന്നത് ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു എന്നു പറഞ്ഞു കൊണ്ടാണ്. ദൈവത്തിന്റെ Existence പ്രകൃതി മനുഷ്യനോട് അറിയിച്ചുകൊണ്ടിരുന്നു. റോമാലേഖനം ആരംഭിച്ചപ്പോൾ തന്നെ നാം കണ്ടു "സൃഷ്ടാവിനെക്കുറിച്ച് സൃഷ്ടി മുഴുവനും സാക്ഷ്യം പറയുന്നുവെന്ന്"

Rom 1:20 *അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു. അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നെ.*

- യഹൂദൻ സുവിശേഷം കേട്ടില്ല എന്നു പറയാൻ സാധിക്കയില്ല. കാരണം യഹൂദർ മാത്രമല്ല, സകല ജാതിക്കും, സകല ഭാഷക്കാർക്കും, ഭൂമിയുടെ അറുതികൾ വരെയും ഇന്ന് സുവിശേഷം കടന്ന് ചെന്നിരിക്കുന്നു.

Rom 10:19 എന്നാൽ യിസ്രായേൽ ഗ്രഹിച്ചില്ലയോ? Ref: Deut 32:21 *ദൈവമല്ലാത്തതിനെകൊണ്ടു എനിക്കു എരിവു വരുത്തി, മിത്ഥ്യാമൂർത്തികളാൽ എന്നെ മുഷിപ്പിച്ചു. ഞാനും ജനമല്ലാത്തവരെകൊണ്ടു അവർക്കു എരിവു വരുത്തും. മൂഢജാതിയെകൊണ്ടു അവരെ മുഷിപ്പിക്കും.*

ഒന്നാമതു മോശ പറയുന്നു - ജാതികളുടെ മാനസാന്തരത്തെപ്പറ്റി തന്റെ valedictory speechൽ ആവർത്തന പുസ്തകത്തിൽ പറയുകയാണ് - യിസ്രായേൽ ദൈവങ്ങളല്ലാത്തവയെ ആരാധിച്ച്, ദൈവത്തെ പ്രകോപിച്ചതിനു പകരമായി "ജനമല്ലാത്ത മൂഢജാതിയെ" ദൈവം തന്റെ കൃപയിലേക്കു സ്വീകരിക്കും. അങ്ങനെ ചെയ്യുന്നതു കാണുമ്പോൾ അവർക്ക് "എരിവു വരുത്തും" എന്നു ജനത്തിനു മോശ മുന്നറിയിപ്പു നൽകുന്നു.

Rom 11:11 *എന്നാൽ അവർ വീഴേണ്ടതിനോ ഇടറിയതു എന്നു ഞാൻ ചോദിക്കുന്നു. ഒരു നാളും അല്ല, അവർക്കു എരിവു വരുത്തുവാൻ അവരുടെ ലംഘനം ഹേതുവായി ജാതികൾക്കു രക്ഷ വന്നു എന്നേയുള്ളു.*

www.gospelinmalayalam.com
fleettech@gmail.com

www.gospelinmalayalam.com

Rom 10:20 യശയ്യാവോ ഇതു തന്നെ പറയുന്നു. മോശ പറഞ്ഞതും യെശയ്യാവു പറഞ്ഞതും തമ്മിൽ 1000 വർഷത്തെ കാലവ്യത്യാസം ഉണ്ട്. Isa 65:1 യശയ്യാവിന്റെ വാക്കുകൾ മത്സരികളായ യിസ്രായേലിനോടുള്ളതാണ്.

Isa 65:1 *എന്നെ ആഗ്രഹിക്കാത്തവർ എന്നെ അന്വേഷിപ്പാൻ ഇടയായി; എന്നെ അന്വേഷിക്കാത്തവർക്കു എന്നെ കണ്ടെത്തുവാൻ സംഗതി വന്നു; എന്റെ നാമം വിളിച്ചപേക്ഷിക്കാത്ത ജാതിയോടു: ഇതാ ഞാൻ, ഇതാ ഞാൻ എന്നു ഞാൻ പറഞ്ഞു.*

അപ്പൊ. പൗലൂസ് ഈ വചനത്തെ നമുക്കു വ്യാഖ്യാനിച്ചു തരുകയാണ്. ജാതികളുടെ വിളിയോടുള്ള ബന്ധത്തിൽ അപ്പൊ. പൗലൂസ് ഇതിനെ ബന്ധിപ്പിക്കുന്നു. ദൈവത്തിന്റെ കൃപയുടേയും, ആനുകൂല്യത്തിന്റേയും കുത്തക യഹൂദർ മാത്രം അവകാശപ്പെട്ടു ആസ്വദിച്ചിരുന്ന സ്ഥാനത്ത് ദൈവം തന്റെ കൃപയാൽ ജാതിക്കും പ്രവേശനം നൽകിയിരിക്കുന്നു. മോശെയ്ക്കും യശയ്യാവിനും ഈ വിഷയം ദൈവം വെളിപ്പെടുത്തിക്കൊടുത്തിരുന്നു.

- ജാതികളെപ്പറ്റി യഹൂദർ കരുതിയിരുന്നത് അവർക്ക് ഒട്ടും ദൈവഭയമോ, ദൈവത്തെപ്പറ്റിയുള്ള understanding ഓ ഇല്ലായെന്നാണ്.

Rom 1:21,31 ജാതിയെ ഇക്കൂട്ടത്തിലാണ് യഹൂദർ കണ്ടിരുന്നത്. എന്നാൽ യഹൂദന്റെ അനുസരണക്കേട് ദൈവത്തെ ജാതികളിലേക്കു തിരിയാൻ വഴി ഒരുക്കും എന്നുള്ള വസ്തുത മോശയ്ക്കറിമായിരുന്നു. യശയ്യാവിനും ദർശനം ഉണ്ടായിരുന്നു.

Rom 10:21 Isa 65: 2 *സ്വന്തവിചാരങ്ങളെ അനുസരിച്ചു ആകാത്ത വഴിയിൽ നടക്കുന്ന മത്സരമുള്ള ജനത്തിങ്കലേക്കു ഞാൻ ഇടവിടാതെ കൈ നീട്ടുന്നു.*

ദൈവം യിസ്രായേലിനെ സംബന്ധിച്ചിടത്തോളം എന്നും കൃപാലുവായിരുന്നു. യിസ്രയേൽ അനുസരണക്കേട് കാണിച്ചു- ദൈവത്തെ ദുഖിപ്പിച്ചു എന്നിരുന്നാലും അവരോടുള്ള ദൈവസ്നേഹം കുറഞ്ഞു പോയില്ല. അവരുടെ തുടർച്ചയായുള്ള നിരസിക്കൽ കാരണം ദൈവം ജാതികളിലേക്കു തിരിഞ്ഞു. എന്നാൽ തന്നെയും യഹൂദനുള്ള രക്ഷയുടെ വാതിൽ ദൈവം അടച്ചില്ല. ദൈവം അവരിലേക്ക് ഇടവിടാതെ കൈനീട്ടി എന്നാണ് എഴുതിയിരിക്കുന്നത്. ക്ഷമയോടെ വിളിക്കുന്നു. കൃപയോടെ, കരുണയോടെ, അവരുടെ മടങ്ങിവരവിനായി ദൈവം അവരെ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. ഈ കാലത്തും ഈ picture തുടർന്നുകൊണ്ടേയിരിക്കുന്നു.

fleettech@gmail.com